**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191** **04-03-2025 - ൽ മറുപടിയ്ക്ക്**

**നവസംരംഭങ്ങളുടെ ജി.എസ്.ടി. രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിക്കുന്ന 40 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള ചരക്ക് സ്ഥാപനങ്ങൾക്കും 20 ലക്ഷത്തിനു മുകളിൽ വരുമാനമുള്ള സേവനം നൽകുന്ന സ്ഥാപനങ്ങൾക്കും ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമായിരിക്കെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിൽ ആരംഭിച്ച മൂന്ന് ലക്ഷം സംരംഭങ്ങളിൽ ഭൂരിഭാഗവും ജി.എസ്.ടി. രജിസ്ട്രേഷനിൽ പ്രതിഫലിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യവസായ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (എ) | ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 40 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ചരക്ക് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കും 20 ലക്ഷത്തിന് മുകളിൽ വരുമാനമുള്ള സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്കുമാണ് ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായിട്ടുള്ളത്. സംരംഭങ്ങളുടെ ആകെ വാർഷിക വിറ്റുവരവ് ഈ പരിധിയിൽ എത്തുന്ന അവസരത്തിൽ മാത്രമാണ് ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമാകുന്നത്. സംരംഭക വർഷം പദ്ധതി ആരംഭിച്ചത് 2022-23 സാമ്പത്തിക വർഷം മുതലാണ്. 2022 ഏപ്രിൽ 1 മുതൽ 2025 ഫെബ്രുവരി 26 വരെ ആകെ ആരംഭിച്ച 345,875 സംരംഭങ്ങളിൽ 99 ശതമാനം സംരംഭങ്ങളും സൂക്ഷ്മ വിഭാഗത്തിൽപ്പെട്ടതാണ്. ഇപ്രകാരം ആരംഭിച്ച സംരംഭങ്ങളിൽ, വ്യവസായ വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ മുഖേന തുടർന്ന് വരുന്ന സുസ്ഥിരതാ സർവേയുടെ ഭാഗമായി, സംരംഭങ്ങളുടെ വാർഷിക വിറ്റുവരവ് ജി.എസ്.ടി രജിസ്ട്രേഷൻ പരിധിയെത്തുന്നവരോട് രജിസ്ട്രേഷൻ എടുക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ, ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കുന്നതിന് സംരംഭകരെ സഹായിക്കുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റ്മാരുടെ സൗജന്യ സേവനം ICAI വഴി എല്ലാ ജില്ലകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംരംഭങ്ങളുടെ വാർഷിക വിറ്റുവരവ് ജി.എസ്.ടി രജിസ്ട്രേഷൻപരിധിയിലേക്ക് എത്തുന്ന അവസരത്തിൽ അവർ രജിസ്ട്രേഷൻ എടുക്കുന്നതാണ്.<br><br>എന്നിരുന്നാലും GST നിയമത്തിലെ സെക്ഷൻ 23 അനുസരിച്ച് സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിന് കീഴിലോ, കേന്ദ്ര ജി.എസ്.ടി. |

നിയമത്തിന് കീഴിലോ ഇന്റഗ്രേറ്റഡ് ജി.എസ്.ടി. നിയമത്തിന് കീഴിലോ നികുതി ബാധ്യത ഇല്ലാത്തതോ, നികുതിയിൽ നിന്നും പൂർണമായും ഒഴിവാക്കപ്പെട്ടതോ ആയ സാധനങ്ങളോ സേവനങ്ങളോ ആണ് നൽകുന്നതെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ജി.എസ്.ടി. രജിസ്ട്രേഷനിൽ നിന്നും ഇളവ് ലഭിക്കുന്നതാണ്. ഒരു കൃഷിക്കാരൻ ഭൂമിയിൽ കൃഷി ചെയ്ത് ലഭിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനും (ഏലം,കുരുമുളക് മുതലായവ) നികുതി ഇളവ് ലഭിക്കുന്നതാണ്. കൂടാതെ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം വഴി സാധനങ്ങളും സേവനങ്ങളും സപ്ലൈ ചെയ്യുന്നവർക്ക് ജി.എസ്.ടി. നിയമത്തിന്റെ തുടക്ക കാലത്ത് നിർബന്ധിത രജിസ്ട്രേഷൻ ആവശ്യമായിരുന്നെങ്കിലും പിന്നീട് അത് മുകളിൽ പരാമർശിച്ച വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലേക്ക് മാറ്റപ്പെട്ടു. കൂടാതെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി നൽകപ്പെടുന്ന വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ചില സേവനങ്ങൾക്കും നിബന്ധനകൾക്ക് വിധേയമായി ജി.എസ്.ടി. രജിസ്ട്രേഷനെടുക്കുന്നതിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്.

കൂടാതെ, കേന്ദ്ര ജി.എസ്.ടി. (റേറ്റ്) വിജ്ഞാപനങ്ങൾ 02/2017 തീയതി: 28.06.2017, 12/2017 തീയതി:28.06.2017 മുഖേന, ചില സാധനങ്ങളെയും സേവനങ്ങളെയും ജി.എസ്.ടി. ഈടാക്കുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. ഈ ഒഴിവാക്കലുകൾക്ക് വിധേയമായ സാധനങ്ങളും സേവനങ്ങളും നൽകുന്ന സ്ഥാപനങ്ങൾക്ക് സെക്ഷൻ 23 പ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമല്ല.

ആയതിനാൽ സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആരംഭിക്കപ്പെട്ട സംരംഭങ്ങളുടെ വാർഷിക വിറ്റുവരവ് 40/20 ലക്ഷത്തിൽ താഴെയാണെങ്കിൽ ആയവ ജി.എസ്.ടി. രജിസ്ട്രേഷന്റെ എണ്ണത്തിൽ പ്രതിഫലിക്കുകയില്ല. കൂടാതെ പ്രസ്തുത സംരംഭങ്ങൾ മുകളിൽ സൂചിപ്പിച്ച നികുതി വിധേയമല്ലാത്ത സാധനങ്ങളോ സേവനങ്ങളോ ആണ് നല്കിവരുന്നതെങ്കിൽ ആയവയും ജി.എസ്.ടി. രജിസ്ട്രേഷന്റെ പരിധിക്കുള്ളിൽ വരില്ല.

സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ പരിശോധനകളുടെ അടിസ്ഥാനത്തിൽ നികുതി ബാധകമായ സാധനങ്ങളോ സേവനങ്ങളോ നൽകുന്ന സ്ഥാപനങ്ങൾ നികുതി ബാധകമായ

| | | | |
|---|---|---|---|
| | | | വാർഷിക വിറ്റുവരവ് എത്തിയിട്ടും ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടില്ല എന്നുണ്ടെങ്കിലോ അവർ നികുതി ഒടുക്കുന്നില്ല എന്ന് ബോധ്യമുണ്ടെങ്കിലോ, നിയമം അനുശാസിക്കുന്ന നടപടികളിലൂടെ പ്രസ്തുത വ്യക്തികളെ/ സ്ഥാപനങ്ങളേക്കൊണ്ട് ജി.എസ്.ടി. രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികളും ഒടുക്കാൻ വീഴ്ചവരുത്തിയ നികുതി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ